ഭരണ ഭാഷ -മാതൃഭാഷ

# അടിയന്തിരം - പരിപത്രം

No.AWWF/D2-238/19

കേരളഅങ്കണവാടിവർക്കേഴ്സ്ആന്റ്
ഹെൽപ്പേഴ്സ്ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
Email: awwfkerala@gmail.com
ഫോൺ : 0471-2342433

തീയതി :29/07/2020

പ്രേക്ഷിതൻ

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ

സ്വീകർത്താവ്

എല്ലാ ജില്ലാ വനിതാ ശിശു വികസ ഓഫീസർമാർ

ശിശു വികസന പദ്ധതി ഓഫീസർമാർ

സർ,

വിഷയം:- വനിത ശിശു വികസന വകുപ്പ് - അങ്കണവാടി ക്ഷേമനിധി ബോർഡ് - അങ്കണവാടി ജീവനക്കാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: - സ.ഉ(സാധാ) നമ്പർ 353/2020/ സാനീവ, തീയതി 28/07/2020

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ വിഹിതം 20% നൽകുമെന്ന വ്യവസ്ഥയിൽ അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം വർക്കറുടേത് 200/- രൂപയിൽ നിന്നും 500/- രൂപയായും ഹെൽപ്പറുടേത് 100/- രൂപയിൽ നിന്നും 250/- രൂപയായും സൂചന പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ക്ഷേമനിധി വിഹിതമായി അങ്കണവാടി വർക്കർമാരിൽ നിന്നും 500/- രൂപയും അങ്കണവാടി ഹെൽപ്പർമാരിൽ നിന്നും 250/- രൂപയും **2020 ജൂലൈ**

**മാസത്തെ** ഓണറേറിയത്തിൽ നിന്നും കിഴിവ് വരുത്തി അങ്കണവാടി ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലുള്ള **57036988531** (SBI, Trivandrum City Branch) എന്ന കറന്റ് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരേയും അറിയിച്ച് കൊള്ളുന്നു.

ഉള്ളടക്കം;-

ഉത്തരവിന്റെ പകർപ്പ്

വിശ്വസ്തതയോടെ,

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

AWWF/D2-319/2020
[illegible]/2020
File No.SJD-B1/372/2019-SJD

— 1225 —

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി വിഹിതം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.353/2020/സാ.നീ.വ തീയതി,തിരുവനന്തപുരം, 28/07/2020

പരാമർശം:- 1 സ . ഉ ( സാധാ ) നം 763/2019/ സാനീവ തീയതി 9/12/2019

2 അങ്കണവാടി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22.08.2019, 29.01.2020 തീയതികളിലെ AWWF- D2/238/19 നമ്പർ കത്തുകൾ

**ഉത്തരവ്**

19/07/2019 ലെ ക്ഷേമനിധി ബോർഡ് മീറ്റിംഗിൽ ജീവനക്കാരുടെ പെൻഷൻ, വർക്കർക്ക് 2000/- രൂപയും ഹെൽപ്പർക്ക് 1200/- രൂപയുമായി വർദ്ധിപ്പിക്കുന്നതിനും അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസം ക്ഷേമനിധി വിഹിതം വർക്കറുടേത് 500/- രൂപയും, ഹെൽപ്പറുടേത് 250/- രൂപയായും വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി ജീവനക്കാരുടെ പെൻഷൻ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വർക്കർക്ക് 2000/- രൂപയും ഹെൽപ്പർക്ക് 1200/- രൂപയുമായി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു.ജനുവരി 2020 മുതൽ വർദ്ധിപ്പിച്ച പെൻഷൻ പെൻഷണേഴ്സിന് നൽകുമ്പോൾ ക്ഷേമനിധി അംശദായം വർക്കർക്ക് 500/- രൂപയും ഹെൽപ്പർക്ക് 250/- രൂപയുമായി വർദ്ധിപ്പിക്കാതെ വർദ്ധിപ്പിച്ച പെൻഷൻ അങ്കണവാടി ജീവനക്കാർക്ക് നൽകുന്ന പക്ഷം വരവ് ചെലവ് കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുകയില്ലെന്നും, അപ്രകാരം വർദ്ധിപ്പിച്ച പെൻഷൻ നൽകുന്ന പക്ഷം നിലവിൽ ബോർഡിന്റെ സ്ഥിരനിക്ഷേപത്തുക പെൻഷൻ നൽകുന്നതിന് വേണ്ടി വിനിയോഗിക്കേണ്ടതായി വരുമെന്നും. ടി തുക ഒരു വർഷത്തിനുള്ളിൽ തീരുകയും ഇത് ബോർഡിന്റെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന് മാത്രവുമല്ല മറ്റ് ഒരു ആനുകൂല്യവും നൽകാൻ കഴിയാത്ത സ്ഥിതി വന്നു ചേരുമെന്നും അങ്കണവാടി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരിക്കുന്നു. ക്ഷേമനിധിയുടെ തുടർ പ്രവർത്തനത്തിന് തുക അനുവദിച്ചാൽ മാത്രമേ പ്രവർത്തനം മുന്നോട്ട് പോകുകയുള്ളൂ എന്നും ആയതിനാൽ അടിയന്തിരമായി സർക്കാർ വിഹിതം 50% നിലനിർത്തി കൊണ്ട് അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം അങ്കണവാടി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ വിഹിതം 20% നൽകുമെന്ന വ്യവസ്ഥയിൽ അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം വർക്കറുടേത്

## File No.SJD-B1/372/2019-SJD

200രൂപയിൽ നിന്നും 500/- രൂപയായും, ഹെൽപ്പറുടേത് 100/- രൂപയിൽ നിന്നും 250/- രൂപയായും വർദ്ധിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അങ്കണവാടി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ) , കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഡി,ബി സെൽ) കേരള, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ